10

# ആറു മണിക്കൂറുകൾ, 2

**മത്തായി 27:45-54; മർക്കൊസ് 15:33-39;**
**ലൂക്കൊസ് 23:44-47; യോഹന്നാൻ 19:28-30**

*"യേശു പുളിച്ച വീഞ്ഞു കുടിച്ച ശേഷം, 'നിവൃത്തിയായി!' എന്നുപറഞ്ഞു, തല ചായ്ച്ചു ആത്മാവിനെ ഏല്പിച്ചു കൊടുത്തു" (യോഹന്നാൻ 19:30).*

### അവസാന മൂന്നു മണിക്കൂറുകൾ

ക്രൂശിലെ യേശുവിന്റെ അവസാന മൂന്നു മണിക്കൂറുകൾ ഇഴഞ്ഞു നീങ്ങിയ, അസാധാരണ ഇരുട്ടിനാൽ മൂടപ്പെട്ടിരുന്നു. ആർക്കെങ്കിലും കേൾക്കാൻ കഴിയുന്ന ശബ്ദം മരിക്കുന്ന മൂന്നു പേരുടെ ഞരങ്ങലും രക്തം ഇറ്റിറ്റു വീഴുന്നതും മാത്രമായിരുന്നു.

ആ അവസാന മൂന്നു മണിക്കൂറുകളിൽ, യേശു തുരുതുരെ നാലു പ്രസ്താവനകൾ നടത്തി. അവൻ നിലവിളിച്ചു, "ഏലി, ഏലി, ലമ്മാ ശബ്ബക്താനി?" അതിന്റെ അർത്ഥം, വ്യാഖ്യാനിച്ചത്, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈ വിട്ടതെന്ത്?" (മത്തായി 27:46; മർക്കൊസ് 15:34). യേശു പാപമാകുവാൻ ദൈവം അനുവദിച്ചു (2 കൊരിന്ത്യർ 5:21). അക്കാരണത്താൽ, ദൈവവും യേശുവും വേറിട്ടു. ഓ, പാപത്തിന്റെ ആഴം! എത്ര ഭയങ്കരം!

മനുഷ്യനു അനുഭവിക്കേണ്ടി വരുന്ന ഏതൊരു വേദനയെക്കാളും ആഴമേറിയ മുറിവായിരുന്നു ദൈവപുത്രന്നു ദൈവത്തിൽ നിന്നുണ്ടായ വേർപാട്. ആ പ്രസ്താവന വെളിപ്പെടുത്തുന്നത് മനുഷ്യന്റെ നഷ്ടവും നിസ്സഹായതയുമാണ്. യേശുവിന്റെ മരണം പാപത്തെ മാത്രമല്ല കീഴ്പ്പെടുത്തിയത്, മരണത്തെയും കീഴടക്കി (എബ്രായർ 2:14–18). ക്രിസ്ത്യാനികൾക്കു മരണത്തെ ഭയപ്പെടേണ്ടതില്ല. സാത്താൻ ഒരു തോല്പിക്കപ്പെട്ട ശത്രുവാണ്; പാപം ഒരു കീഴ്പ്പെടുത്തിയ ശാപം ആണ്. മരണത്തിന് അതിന്റെ വിഷമുള്ള് നഷ്ടമായി (1 കൊരിന്ത്യർ 15:21–26, 51–58).

താൻ ദൈവേഷ്ടം ചെയ്യുന്നു, എന്നു യേശു അറിഞ്ഞുകൊണ്ട്, ഇപ്രകാരം പറഞ്ഞു, "എനിക്കു ദാഹിക്കുന്നു." ഇതിൽ യേശുവിന്റെ മനുഷ്യത്വം കാണാം, അവന്റെ അഞ്ചാമത്തെ പ്രസ്താവനയാണിത്. മനുഷ്യ വർഗ്ഗത്തിന്റെ ആഴമേറിയ നിലവിളിയാണ് "എനിക്കു ദാഹിക്കുന്നു" (യോഹന്നാൻ 19:28, 29; കെജെവി). വില കുറഞ്ഞ വീഞ്ഞു

ധാരാളമുണ്ടായിരുന്നു. മാന്യമായ പെരുമാറ്റത്തിൽ പോലും, യേശുവിനു കൊടുത്തതു വില കുറഞ്ഞതായിരുന്നു. "ജീവജലം" ഉള്ളവനു ദാഹിച്ചു! (യോഹന്നാൻ 6:51-58). തന്റെ മനുഷ്യത്വം നീക്കം ചെയ്യുവാൻ യേശു തന്റെ ദൈവികത്വം ഉപയോഗിച്ചില്ല.

ഒരാളുടെ മനുഷ്യാവകാശങ്ങളെല്ലാം എടുത്തു കളയുന്നതായിരുന്നു ക്രൂശിക്കൽ. യെശയ്യാവ് എഴുതി, "അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറു വിരൂപമായിരിക്കകൊണ്ടു പലരും നിന്നെ കണ്ടു സ്തംഭിച്ചുപോയി" (യെശയ്യാവു 52:14; സിഈവി). യെഹൂദന്മാർ മശിഹയെ കാത്തിരുന്നു എങ്കിലും, അവൻ വന്നപ്പോൾ അവർ അവനെ ത്യജിക്കയും ക്രൂശിക്കയും ചെയ്തു. അവരുടെ പ്രത്യാശ എന്തായിരുന്നോ അത് അവരുടെ മരണമായി തീർന്നു. മശിഹ ഇല്ലാത്ത ഒരു മതം മറ്റേതിനേക്കാളും ശൂന്യമാണ്.

ദൈവം മാറുന്നില്ല. ദൈവപുത്രനായ, യേശു, ക്രൂശിൽ നിന്നു ദൈവം ആരാണെന്നു കാണിച്ചു. ആറു മണിക്കൂർ ക്രൂശിൽ കിടന്ന ശേഷം, അവനു മാത്രം പ്രസ്താവിക്കുവാൻ കഴിയുമായിരുന്ന ഒന്നായിരുന്നു: "നിവൃത്തിയായി!" എന്നത് (യോഹന്നാൻ 19:30). "പ്രവൃത്തി ചെയ്തു!" ഇപ്പോൾ, പാപികളെ നീതീകരിച്ചുകൊണ്ടു ദൈവത്തിനു തന്റെ നീതി പുലർത്തുവാൻ കഴിഞ്ഞു. നമ്മുടെ രക്ഷക്കുവേണ്ടി യേശുവിനെ അയച്ചു എന്തെല്ലാം ചെയ്യുവാൻ ദൈവം ആഗ്രഹിച്ചുവോ അതെല്ലാം പൂർത്തിയാക്കി എന്ന് യേശു പറഞ്ഞു. സ്വർഗ്ഗം നിത്യമായിരിക്കേണ്ടിയിരുന്നു; ദൈവം നമുക്കുവേണ്ടി എന്തു ചെയ്തു എന്നു നാം തിരിച്ചറിയാൻ നിത്യതയിൽ മുഴുവനും വേണ്ടിവരും. ദൈവത്തോടുകൂടെ ഇരുന്നു, നാം അവന്റെ തേജസു കൂടുതൽ മനസ്സിലാക്കും. യേശു "കുഞ്ഞാട്" ആയി അവിടെ ഉണ്ടാവും (വെളിപ്പാടു പുസ്തകത്തിൽ മുഴുവൻ ചിത്രീകരിച്ചതുപോലെ). യേശു "നിവൃത്തിയായി!" എന്നു പറഞ്ഞതിന്റെ അർത്ഥം, നിത്യത മുഴുവൻ പ്രഖ്യാപിക്കും.

മനുഷ്യർക്കു പൂർത്തീകരിപ്പാൻ കഴിയാത്തതിനെ, യേശു പൂർത്തിയാക്കി. സാത്താന്റെ വായ് (ദൂഷകൻ) അടഞ്ഞു (വെളിപ്പാട് 12:9-11). മോശെയുടെ പഴയ ന്യായപ്രമാണം ക്രൂശിൽ തറെച്ചു. ക്രിസ്തുവിന്റെ പുതിയ നിയമം പ്രാബല്യത്തിൽ വന്നു (എബ്രായർ 8:6-13; 9:12-18; 10:4-14, 18-31). മുൻപു പറഞ്ഞിട്ടുള്ളവയിൽ വെച്ചു ഏറ്റവും ശ്രേഷ്ഠമായ വാക്കുകളായിരുന്നു "നിവൃത്തിയായി" എന്നത്!

ക്രൂശിലെ യേശുവിന്റെ അവസാനത്തെ പ്രസ്താവന വളരെ ഉച്ചത്തിലായിരുന്നു: "'പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു.' ഇതു പറഞ്ഞിട്ടു, പ്രാണനെ വിട്ടു" (ലൂക്കൊസ് 23:46). അത്ഭുതാവഹം! വലിയ ശ്രമം എടുത്തായിരുന്നു അവൻ അപ്പോൾ നിലവിളിച്ചത്. തന്റെ അവസാന വാക്കുകൾ എല്ലാവരും കേൾക്കണം എന്ന് അവൻ ആഗ്രഹിച്ചു. അവന്റെ ശരീരമോ, ശ്വാസമോ അല്ല അവൻ ദൈവത്തിനു സമർപ്പിച്ചത് എന്നത് ശ്രദ്ധിക്കുക. അവൻ തന്റെ ആത്മാവിനെയാണ് ഭരമേല്പിച്ചത്. ദൈവപുത്രനായ, യേശു, മരണത്തെ തിര

ഞ്ഞെടുത്തതായിരുന്നു!

തന്റേതായ എല്ലാം യേശു നമ്മുടെ രക്ഷക്കായി നൽകി! അവന്റെ അനുയായികളും ത്യാഗപൂർണ്ണമായി ജീവിക്കണം. അതിലെ അംഗങ്ങ ളല്ലാത്തവരുടെ പ്രയോജനത്തിന് പ്രാഥമികമായി നിലകൊള്ളുന്ന ഭൂമി യിലെ ഏക സ്ഥാപനം സഭ മാത്രമാണ്.

**ക്രൂശിന്റെ മഹത്വം**

താൻ തേജസ്ക്കരിക്കപ്പെടുന്നതിനേക്കാൾ അധികമായി ഒരിക്കലും തന്റെ ക്രൂശിക്കലിനെ കുറിച്ചു അവൻ സംസാരിച്ചിട്ടില്ല. “പിതാവേ, നാഴിക വന്നിരിക്കുന്നു; നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ട തിന്നു, പുത്രനെ മഹത്വപ്പെടുത്തേണമേ”; “ഇപ്പോൾ, പിതാവേ, ലോകം ഉണ്ടാകും മുമ്പെ എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വ ത്തിൽ, എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ” (യോഹന്നാൻ 17:1, 5). മനുഷ്യത്വഹീനമായ ക്രൂശിൽ തറച്ചുള്ള മരണശിക്ഷയെ നമ്മുടെ ദൈവം ഏറ്റവും വലിയ ലക്ഷ്യമാക്കി മാറ്റി!

“നമുക്ക് മുകളിൽ” ഉള്ള ദൈവത്തെ മനസ്സിലാക്കുന്നതുവരെ “നമുക്കു ചുറ്റും ഉള്ള” അല്ലെങ്കിൽ “നമുക്കുള്ളിൽ ഉള്ള” ദൈവത്തെ കുറിച്ചു സംസാരിക്കരുത്. ദൈവത്തിനു രണ്ടു സിംഹാസനങ്ങൾ ഉണ്ട് – ഒന്നു അത്യുന്നതമായ സ്വർഗ്ഗത്തിലും മറ്റൊന്നു ഏറ്റവും താഴ്ന്ന മനുഷ്യന്റെ ഹൃദയത്തിലും. നാം ക്രൂശ് മനസ്സിലാക്കുന്നതുവരെ ക്രിസ്തുവിനെ മനസ്സിലാക്കുന്നില്ല. തേജസ്ക്കരിക്കപ്പെടുവാൻ യോഗ്യനായ ഏക വ്യക്തിയാണ് എല്ലാം പിതാവിനു നല്കിയത്. നമുക്ക് കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത് (ഗലാത്യർ 6:14).

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today